**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2972** **28-02-2023 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴയിൽ കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ കാലപ്പഴക്കവും പൈപ്പുകളുടെ വലുപ്പമില്ലായ്മയും മൂലം നിലവിലുള്ള കുടിവെള്ള പദ്ധതികളിലെ പല പൈപ്പുകളിലൂടെയും സുഗമമായി ജലവിതരണം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .** |
| (ബി) | ഇരുപത്തിയഞ്ച് വർഷത്തിലധികം പഴക്കമുള്ള ജലവിതരണ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി കെ.ഡബ്ല്യു.എ. നടപ്പാക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ കുടിവെള്ള പദ്ധതികളിലെ പൈപ്പുകളാണ് മാറ്റാൻ തീരുമാനിച്ചിട്ടുള്ളതെന്നും എത്ര രൂപയാണ് ഇതിന് ചെലവാകുന്നതെന്നും അറിയിക്കുമോ; | (ബി) | **അമ്പലപ്പുഴ മണ്ഡലത്തിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി, അമൃത് 1.0 പദ്ധതിയിൽ ഉൾപ്പെടുത്തി 67.215 കോടി രൂപയുടെ ഭരണാനുമതിയും അമൃത് 2.0 ൽ ഉൾപ്പെടുത്തി 9.693 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. അമൃത് 1.0പദ്ധതി ഏകദേശം പൂർത്തീകരിച്ചു വരുന്നു. അമൃത് 2.0 പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട് ബാക്കിയുള്ള വാർഡുകളിൽ പൈപ്പ് മാറ്റുന്ന പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>അമ്പലപ്പുഴ മണ്ഡലത്തിന് കീഴിലെ പഞ്ചായത്തുകളിൽ പൈപ്പുകൾ മാറ്റുന്നതിനുള്ള സർവ്വേ നടപടികൾ വാട്ടർ അതോറിറ്റി ഡിസൈൻ വിഭാഗമായ പി.പി.ഡി. മുഖാന്തിരം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ മുൻസിപ്പാലിറ്റിയിലെ 1 മുതൽ 4, 20 മുതൽ 26, 30 മുതൽ 44, 46 മുതൽ 52, വരെയുള്ള വാർഡുകളിലെയും സമീപ പഞ്ചായത്തുകളായ ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലെയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 211.71 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 6 പാക്കേജുകളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ പാക്കേജ്-4-ൽ ഉൾപ്പെട്ട** |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ആലപ്പുഴ മുൻസിപ്പാലിറ്റിയിലെ 25, 30, 31, 32, 33, 34, 36, 37, 38, 39, 40, 41, 42, 43, 44 എന്നീ വാർഡുകളിലെ വിതരണ ശൃംഖലയും (172 കി.മീ) റെയിൽവേ ക്രോസിംഗും ഉൾപ്പെടുന്നു. ഇതിന്റെ എസ്റ്റിമേറ്റ് തുക 120.62 കോടി രൂപയായിരുന്നു. എന്നാൽ GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റസ്റ്റോറേഷൻ ഉൾപ്പെടുത്തിയതിനാലും പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക ഫണ്ടിംഗ് അനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ഫണ്ടിംഗ് അനുമതി കിഫ്ബിയുടെ പരിഗണനയിലാണ്.<br><br>കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റാൻ അമ്പലപ്പുഴ മണ്ഡലത്തിൽ മേൽ പറയുന്ന പ്രവൃത്തികൾ ആണ് നിലവിൽ ഉള്ളത്. |
| (സി) | ഇല്ലെങ്കിൽ അമ്പലപ്പുഴ മണ്ഡലത്തിലെ ഇരുപത്തിയഞ്ച് വർഷത്തിലധികം കാലപ്പഴക്കമുള്ള മുഴുവൻ പൈപ്പുകളും മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അമ്പലപ്പുഴ മണ്ഡലത്തിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി, അമൃത് 1.0 പദ്ധതിയിൽ ഉൾപ്പെടുത്തി 67.215 കോടി രൂപയുടെ ഭരണാനുമതിയും അമൃത് 2 .0 ൽ ഉൾപ്പെടുത്തി 9.693 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. അമൃത് 1.0പദ്ധതി ഏകദേശം പൂർത്തീകരിച്ചു വരുന്നു. അമൃത് 2.0 പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട് ബാക്കിയുള്ള വാർഡുകളിൽ പൈപ്പ് മാറ്റുന്ന പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>അമ്പലപ്പുഴ മണ്ഡലത്തിന് കീഴിലെ പഞ്ചായത്തുകളിൽ പൈപ്പുകൾ മാറ്റുന്നതിനുള്ള സർവ്വേ നടപടികൾ വാട്ടർ അതോറിറ്റി ഡിസൈൻ വിഭാഗമായ പി.പി.ഡി. മുഖാന്തിരം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ മുൻസിപ്പാലിറ്റിയിലെ 1 മുതൽ 4, 20 മുതൽ 26, 30 മുതൽ 44, 46 മുതൽ 52, വരെയുള്ള വാർഡുകളിലെയും സമീപ പഞ്ചായത്തുകളായ ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലെയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 211.71 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 6 പാക്കേജുകളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ പാക്കേജ്-4-ൽ ഉൾപ്പെട്ട പ്രവൃത്തികൾ ആലപ്പുഴ മുൻസിപ്പാലിറ്റിയിലെ 25, 30, 31, 32, 33, 34, 36, 37, 38, 39, 40, 41, 42, 43, 44 |

| | | | |
|---|---|---|---|
| | | | എന്നീ വാർഡുകളിലെ വിതരണ ശൃംഖലയും (172 കി.മീ) റെയിൽവേ ക്രോസിംഗും ഉൾപ്പെടുന്നു. ഇതിന്റെ എസ്റ്റിമേറ്റ് തുക 120.62 കോടി രൂപയായിരുന്നു. എന്നാൽ GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റസ്റ്റോറേഷൻ ഉൾപ്പെടുത്തിയതിനാലും പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക ഫണ്ടിംഗ് അനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ഫണ്ടിംഗ് അനുമതി കിഫ്ബിയുടെ പരിഗണനയിലാണ്.<br><br>കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റാൻ അമ്പലപ്പുഴ മണ്ഡലത്തിൽ മേൽ പറയുന്ന പ്രവൃത്തികൾ ആണ് നിലവിൽ ഉള്ളത്. |

സെക്ഷൻ ഓഫീസർ